*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

194th Issue - Volume 5, No. 28 **ജാഗ്രത** 22nd July 2011

"കണ്ണാണു ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും

(മത്തായി 6–22;23)




## പ്രധാന വാർത്തകൾ

പൈതൃകങ്ങൾ നാടിന്റെ സമ്പത്ത്: മാർ ജോർജ് ആലഞ്ചേരി

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ വേണ്ടത് കുടുംബത്തിൽ നിന്ന്: ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

സാമൂഹ്യപ്രതിബദ്ധതയിൽനിന്ന് കത്തോലിക്കാ സഭ പിൻതിരിഞ്ഞുവെന്ന പ്രചരണം വേദനാജനകം: മാർ പോളി കണ്ണൂക്കാടൻ

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

ദയാവധത്തിനുവേണ്ടിനിലകൊള്ളുന്നവർ രോഗി യുടെ ഭയത്തെ ദുരുപയോഗം ചെയ്യുന്നു: ആർച്ചു ബിഷപ്പ് ഗോമസ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

ലോകയുവജനദിനത്തിൽ പങ്കുചേരാൻ ചൈനീസ് യുവജനങ്ങളും

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

കർണ്ണാടകത്തിലെ സർക്കാർ സ്കൂളുകൾ ഭഗവത്ഗീതാ പഠനം നിർബന്ധിതമാക്കുന്നു; പ്രതിഷേധം ശക്തം.

## വാരാന്ത്യവീക്ഷണം

പ്രൊഫഷണൽ വിദ്യാഭ്യാസം; അബദ്ധങ്ങളെ ആദർശ മാക്കരുത്.

## ജാഗ്രതാ വാർത്ത

ജനസംഖ്യയിൽ എട്ടു ശതമാനം കേരളത്തിന് പുറത്ത്: പഠന റിപ്പോർട്ട്.

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## പൈതൃകങ്ങൾ നാടിന്റെ സമ്പത്ത്: മാർ ജോർജ് ആലഞ്ചേരി

---



സാംസ്കാരിക പൈതൃകങ്ങൾ നാടിന്റെ പൊതുസമ്പത്താണെന്നും ജാതിമതഭേദമന്യേഏവരും അതുകാത്തു സൂക്ഷിക്കണമെന്നും മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. തൃശൂർ ബസിലിക്കയിൽ നല്കിയ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബൈബിൾ ടവറിൽ ഒരുക്കിയിരിക്കുന്ന തൃശൂർ ഹിസ്റ്ററി പിക്ചർ ഗ്യാലറിയും ബൈബിൾ വിവർത്തനങ്ങളുടെ അമൂല്യശേഖരവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ സൂര്യകീർത്തനം പുനരാവിഷ്കരിച്ച്, പൊതു ജനങ്ങൾക്ക് ധ്യാനത്തിനും വിചിന്തനത്തിനുമായി ടവർ സ്ക്വയർ ഗാർഡനിൽ ഒരുക്കുന്ന ശാന്തിധാര മെഡിറ്റേഷൻ സെന്ററിന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. ആർട്ടിസ്റ്റ് ജ്യോതി സാഹയുടേതടക്കമുള്ള ചിത്രങ്ങളാണ് പിക്ചർ ഗ്യാലറിയിലുള്ളത്. ഇതുകൂടാതെ ബൈബിളിനെ അധികരിച്ചുള്ള ചിത്രങ്ങളും ഇവിടെയുണ്ട്. ഹീബ്രു, ഗ്രീക്ക്, സിറിയൻ, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങി ഇന്ത്യൻ ഭാഷകളിലേതടക്കമുള്ള ബൈബിളുകളും ശേഖരത്തിലുണ്ട്. ഇവയെല്ലാം മേജർ ആർച്ച്ബിഷപ് നോക്കിക്കണ്ടു.

## വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ വേണ്ടത് കുടുംബത്തിൽ നിന്ന്: ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ

---



വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ കുടുംബങ്ങളിൽ നിന്നാണ് കുഞ്ഞുങ്ങൾ പഠിക്കേണ്ടതെന്ന് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ പറഞ്ഞു. അതിരൂപതയിലെ മതബോധന അധ്യാപകരുടെ കൺവൻഷൻ-ഡിഡാക്കെ-2011 സെന്റ് തെരേസാസ് കോളജ് ഹാളിൽ ചേർന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാതാപിതാക്കളാണ് കുട്ടികളുടെ ആദ്യഗുരുക്കന്മാർ. ദൈവവിശ്വാസം കുട്ടികളിൽ വളർന്നു വന്നാൽ കുടുംബം ദേവാലയമാകും. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ മതാധ്യാപനം ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും മതാധ്യാപകർ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നത് സഭയുടേയും സമുദായത്തിന്റേയും ഉന്നതിക്കു കാരണമായിട്ടുണ്ട്. ബൗദ്ധികത ശക്തിപ്പെടുന്ന കാലഘട്ടത്തിൽ കാലത്തിന്റെ അടയാളങ്ങൾ മനസിലാക്കി ഉണർന്നു പ്രവർത്തിക്കാൻ മതധ്യാപകർ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് മതാധ്യാപകർക്ക് ആർച്ച് ബിഷപ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഫാ. ജോൺസൺ ഡിക്കൂഞ്ഞ, സിസ്റ്റർ വിവൈറ്റ് സിഎസ്എസ്ടി എന്നിവർ ആശംസകൾ നേർന്നു. മതാധ്യാപന രംഗത്ത് 25 വർഷംപൂർത്തിയാക്കി യവരെ ആദരിച്ചു. നേരത്തെ നടത്തിയ വിശുദ്ധരെ അറിയാൻ വിശുദ്ധിയിൽ വളരാൻ എന്നസെമിനാർ റവ. ഡോ.സ്റ്റീഫൻ ആലത്തറ അവതരിപ്പിച്ചു.

## സാമൂഹ്യപ്രതിബദ്ധതയിൽനിന്ന് കത്തോലിക്കാസഭ പിൻതിരിഞ്ഞുവെന്ന പ്രചരണം വേദനാജനകം: മാർ പോളി കണ്ണൂക്കാടൻ

---



സാമൂഹ്യപ്രതിബദ്ധതയിൽനിന്നും കത്തോലിക്കാ സഭ പിൻതിരിഞ്ഞുവെന്ന് ചിലമാധ്യമങ്ങൾനടത്തുന്ന ദുഷ്പ്രചരണം അവാസ്തവവും വേദനാജനകവുമാണെന്ന് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ. ഇരിങ്ങാലക്കുട രൂപത മേഴ്സി ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആതുരശുശ്രൂഷരംഗത്തും നിരാലംബരെയും അംഗതികളുടെ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന രംഗങ്ങളിലും സഭയുടെ സേവനങ്ങൾ ആർക്കാണ് അവഗണിക്കാനാവുക. സമൂഹത്തിന്റെ സമസ്ത മേഖലകളെയും ഉദ്ധരിക്കുന്നതിനായി സഭ അക്ഷീണം പരിശ്രമിക്കുന്നുണ്ട്. പക്ഷേ, സഭ ഇത് കൊട്ടിഘോഷിക്കാറില്ല. കാരണം ' നിന്റെ വലതുകരം ചെയ്യുന്നത് ഇടതുകരം അറിയരുത്' എന്ന യേശുനാഥന്റെ വാക്കുകൾ അന്വർഥമാക്കാനാണ്. 'ഈ എളിയവരിൽ ഒരുവന് ചെയ്തപ്പോൾ അത് എനിക്കുതന്നെയാണ് ചെയ്തത്' എന്ന യേശുനാഥന്റെ വാക്കുകളുടെ വെളിച്ചത്തിൽ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗം തന്നെയാണ് ഈ പ്രവൃത്തികൾ. ഇതിനെല്ലാം പ്രതിഫലം ദൈവം തരുമെന്നാണ് നമ്മുടെ വിശ്വാസം. ഇക്കഴിഞ്ഞവർഷം ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽതന്നെ പാവപ്പെട്ട രോഗികൾക്കായി 68 ലക്ഷം രൂപയുടെ

സഹായം നൽകി. 38 ലക്ഷം രൂപയുടെ സൗജന്യ ഡയാലിസിസ് നടത്തി. 'ബ്ലെസ് എ ഹോം' പദ്ധതിയുടെ ഭാഗമായി രൂപത അതിർത്തിയിലെ ജാതിമത ഭേദമന്യേയുള്ള 700 കുടുംബങ്ങൾക്ക് പ്രതിമാസം 1000 രൂപവീതം നൽകിവരുന്നുണ്ട്. അഞ്ചുവർഷത്തേക്കാണ് ഈ പദ്ധതിയിൽ ഓരോ കുടുംബത്തിന്റെ ആനുകൂല്യം ലഭിക്കുന്നത്. സാമൂഹ്യപ്രവർത്തനത്തിന്റെ ഭാഗമായി ഓരോ വർഷവും കോടിക്കണക്കിനു രൂപയാണ് കേരളസഭ ചെലവഴിക്കുന്നത്. സഭ എന്നും എതിർപ്പുകളെ അതിജീവിച്ചാണ് വളർന്നിട്ടുള്ളത്. ഇനിയും അത് തുടരുകയും ചെയ്യും. ബിഷപ് കൂട്ടിച്ചേർത്തു.

**ദയാവധത്തിനുവേണ്ടി നിലകൊള്ളുന്നവർ രോഗിയുടെ ഭയത്തെ ദുരുപയോഗം ചെയ്യുന്നു: ആർച്ചു ബിഷപ്പ് ഗോമസ്**

ലോസ് ആൻജലിസിലെ ആർച്ച്ബിഷപ്പ് ജോസ് എച്ച്.ഗോമസ് തന്റെ ജൂലൈ പതിനഞ്ചാം തീയതി പ്രസിദ്ധീകരിച്ച ലേഖനത്തിലാണ് വർദിച്ചുവരുന്ന അമേരിക്കയിലെ ദയാവധത്തെ അപലപിച്ചത്. ഏറ്റവും ബലഹീനരായവരെ വഞ്ചിക്കുകയാണ് ദയാവധത്തിലൂടെ ചെയ്യുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ഭയപ്പെടുന്ന വ്യക്തിയെ കൊന്നുകൊണ്ട് ജനങ്ങളുടെ ഭയത്തിന് പ്രത്യുത്തരം നല്കുകയാണ് ദയാവധത്തിന്റെ വക്താക്കൾ ചെയ്യുന്നത്. ജനങ്ങളുടെ വേദനയോടും സഹനത്തോടും മരണത്തോടുമുള്ള ഭയമാണ് ഇതുപോലെ ദയാവധത്തിന്റെ പ്രണേതാക്കൾക്കു പ്രാമുഖ്യം കിട്ടാൻ കാരണം ആർച്ചു ബിഷപ്പ് ഗോമസ് വ്യക്തമാക്കുന്നു.

ജീവിതത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ചും ഈശോമിശിഹായുടെ ഉത്ഥാനത്തെക്കുറിച്ചുമുള്ള വ്യക്തമായ കാഴ്ചപ്പാടും വിശ്വാസവും നഷ്ടപ്പെടുന്നതാണ് ഈ വളർന്നു വരുന്ന ഭയത്തിനുകാരണം.

**ലോകയുവജനദിനത്തിൽ പങ്കുചേരാൻ ചൈനീസ് യുവജനങ്ങളും**

സ്പെയിനിലെ മാഡ്രിഡിൽ നടക്കുന്ന ലോകയുവജന ദിനാഘോഷത്തിൽ ചൈനയിൽ നിന്നുള്ള കത്തോലിക്കാ സഭാംഗങ്ങളായ യുവജനങ്ങളും പങ്കുചേരും. പതിനഞ്ച് ചൈനീസ് യുവജനങ്ങളാണ് ആഗസ്റ്റ് 16 മുതൽ 21 വരെ നടക്കുന്ന യുവജന ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തുന്നത്.

ചൈനയിലെ അടുത്ത തലമുറയിലെ കത്തോലിക്കർ സാർവത്രിക സഭയോടും പരിശുദ്ധ പിതാവിനോടും കൂട്ടായ്മയിലും ഐക്യത്തിലും ആയിരിക്കുമെന്നുള്ള പ്രഖ്യാപനമാണ് ലോകയുവജന ദിനത്തിൽ പങ്കെടുക്കാൻ തയ്യാറാകുന്ന ഇവർ നല്കുന്നത്.

**കർണ്ണാടകത്തിലെ സർക്കാർ സ്കൂളുകൾ ഭഗവത്ഗീതാ പഠനം നിർബന്ധിതമാക്കുന്നു; പ്രതിഷേധം ശക്തം.**

സംസ്ഥാനത്തെ ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും പ്രതിക്ഷേധം അവഗണിച്ചുകൊണ്ട് സർക്കാർ സ്കൂളുകളിൽ ഗീതപഠിപ്പിക്കാനുള്ള നീക്കത്തിലാണ് ബി.ജെ.പി. ഭരിക്കുന്ന കർണ്ണാടക ത്തിലെ സർക്കാർ. ഇന്ത്യൻ ഭരണഘടനക്കും ജനാധിപത്യത്തിനും വിരുദ്ധമാണ് കർണ്ണാടക സർക്കാരിന്റെ നീക്കമെന്ന് ചൂണ്ടി കാണിക്കപ്പെടുന്നു. കർണ്ണാടകത്തിൽ 83% ഹിന്ദുക്കളും 11% മുസ്ലീങ്ങളും 4% ക്രൈസ്തവരുമാണ് ഉള്ളത്.

## വാരാന്ത്യവീക്ഷണം

**പ്രൊഫഷണൽ വിദ്യാഭ്യാസം; അബദ്ധങ്ങളെ ആദർശമാക്കരുത്.**

'ചീത്ത വിളിക്കാൻ ചിന്തവേണ്ടല്ലോ' എന്ന ആശയമുള്ള ഒരു ചൊല്ല് ഇറ്റാലിയൻ ഭാഷയിലുണ്ട്. ക്രൈസ്തവസഭകളെ ചീത്തവിളിക്കാൻ വക്കാലത്തെ ടുത്തു നടക്കുന്നവർ ജൂൺ ജൂലൈ മാസങ്ങളിൽ ഏറെയാണ്. അവർ പറഞ്ഞുകൂട്ടുന്നതും എഴുതി ക്കൂട്ടുന്നതും കാണുമ്പോൾ ഇറ്റാലിയൻ ചൊല്ല് ഓർമ്മവരും. സ്വാശ്രയപ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളുടെ മർമ്മം അറിയാതെ സഭകളെ വിമർശിക്കാനുള്ള ആവേശത്തിൽ സർവ്വം മറന്ന്, ചിന്ത നഷ്ടപ്പെട്ട് പ്രതികരിക്കുന്നവർ ഇപ്പോൾ അധികമാണ്.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ സാമൂഹ്യപ്രതിബദ്ധത വ്യക്തമായി പറഞ്ഞാൽ പ്രാഥമികവിദ്യാഭ്യാസ രംഗത്തെ സാമൂഹ്യ പ്രതിബദ്ധതയിൽ നിന്നും ഒപ്പം മറ്റു രംഗങ്ങളിലെ സാമൂഹ്യപ്രതിബദ്ധതയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം പ്രാഥമികവിദ്യാഭ്യാസം പോലെ എല്ലാവരുടെയും അവകാശമല്ല എന്നത് അക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗുണമേന്മയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസത്തിനേ ഇന്ന് സാംഗത്യമുള്ളു. അതുകൊണ്ടുതന്നെ ഗുണമേന്മയുള്ള വിദ്യാഭ്യാസം യോഗ്യരായ പാവപ്പെട്ടവർ ഉൾപ്പെടെ എല്ലാവർക്കും നല്കുക എന്നതുതന്നെയാണ് ഈ രംഗത്തെ സാമൂഹ്യ പ്രതിബദ്ധതയെന്നു പറയുന്നത്. അല്ലാതെ 50:50 എന്ന അനുപാതം പാലിക്കലല്ല. ഈ അനുപാതം പാലിക്കൽ അനിവാര്യമായ അഴിമതിയിലേക്കാണ് കൊണ്ടു പോകുന്നതെന്ന് വാർത്തകൾ തെളിയിക്കുന്നു.

ഇന്നും സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി നടത്തുന്ന സ്ഥാപനങ്ങളിൽ വളരെ നല്ല പങ്കും ക്രൈസ്ത വരുടേതാണ് എന്നത് യാഥാർത്ഥ്യം. ബുദ്ധിമാന്ദ്യ മുള്ളവർ, വികലാംഗർ, അനാഥർ, തെരുവുകുട്ടികൾ, എയ്ഡ്സ് രോഗികൾ തുടങ്ങിയ ഏറ്റവും കൂടുതൽ ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവർക്കുവേണ്ടി നടത്തുന്ന സ്ഥാപന ങ്ങളിൽ ഏറിയപങ്കും ക്രൈസ്തവരുടേതാണ്. അവയിൽ മിക്കവയും സൗജന്യമായിത്തന്നെ സേവനം അർപ്പിക്കുന്നു. അതുപോലെയല്ല സ്വാശ്രയരംഗത്തെ പ്രതിബദ്ധതയെന്ന് പറയട്ടെ.

**സർക്കാർ പറയുന്ന സാമൂഹ്യനീതി**

സാമൂഹ്യനീതിയെന്നാൽ 50:50 എന്ന അനുപാതം സ്വീകരിക്കലാണെന്നാണ് സർക്കാരും, സർക്കാരുമായി കരാർ ഒപ്പിടുന്ന മാനേജുമെന്റുകളും പറയുന്നത്. അതായത് പകുതി വിദ്യാർത്ഥികളിൽ നിന്നും ഏതാണ്ട് ഇരട്ടിഫീസുവാങ്ങി മറ്റു പകുതി വിദ്യാർത്ഥികളെ-അവർ സർക്കാർ നിർദ്ദേശി ക്കുന്നവരാണ്- സൗജന്യമായി പഠിപ്പിക്കലാണ് സാമൂഹ്യനീതിയെന്നതാണ് ഈ നിലപാടിന്റെ അടിസ്ഥാനം. രണ്ടു സ്വാശ്രയ കോളേജുകൾ ചേർന്നാൽ അങ്ങനെ ഒരു സർക്കാർ കോളേജിന് അപ്പോൾ തുല്യമാകും. ഈ നിലപാട് അംഗീകരിക്കാ ത്തവർ സാമൂഹ്യനീതിക്ക് എതിരുനില്ക്കുന്നവരാണ് എന്ന് അവർ ആരോപി ക്കുന്നു. യോഗ്യരായ പാവപ്പെട്ടവർക്കു ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം നല്കുന്നതല്ല 50:50 എന്ന അനുപാതം പാലിക്കലാണ് സാമൂഹ്യനീതിയെന്നാണുവാദം. എന്താണു സാമൂഹ്യനീതിയെന്നു വിവേചിച്ചറിയാൻ മെനക്കെടുകയോ 50:50 അനീതിയെന്നുപറഞ്ഞ സുപ്രിംകോടതിയുടെ നിലപാടിന്റെ അർത്ഥം തേടുകയോ ചെയ്യാതെ പലരും ഈ നിലപാടു സ്വീക രിച്ചതായി കാണുന്നതു കൗതുകം ഉണർത്തുന്നു. ഇനിയും രണ്ടു സ്വാകാര്യ ആശുപത്രി കൾ ചേർന്നാൽ ഒരു സർക്കാർ ആശുപത്രിക്കു തുല്യമാകണമെന്നും അതാണ് സാമൂഹ്യ നീതിയെന്നും പറഞ്ഞ് ദേശസാൽക്കാരണവുമായി ഏതെങ്കിലും മുഖ്യമന്ത്രി വന്നാൽ അവർക്കും കുടപിടിച്ചുകൊണ്ട് ചില മാധ്യമപ്രവർത്തകർ രംഗത്തുവരും.

**സർക്കർ വിലാസം സാമൂഹ്യനീതിയിലെ അനീതി**

50:50 എന്ന അനുപാതം സ്വീകരിക്കുമ്പോഴുണ്ടാകുന്ന അനീതി ശ്രദ്ധേയമാണ്.

**1) ക്രൈസ്തവ വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസ് എന്ന അനീതി**

സർക്കാരും കരാർ ഒപ്പിടുന്ന മാനേജേഴ്സ് അസോസിയേഷനും പറയുന്നതനുസരിച്ച് ക്രൈസ്തവർ പ്രവർത്തിക്കുകയാണെങ്കിൽ ക്രൈസ്തവ വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസ് ഈടാക്കേണ്ടിവരും. ഈ സ്ഥാപനം ക്രൈസ്തവ സമൂഹത്തിലെ സമ്പന്നർക്കു മാത്രമായി മാറ്റിവയ്ക്കേ ണ്ടി വരികയും അത് സഭാംഗങ്ങളിൽ ത്തന്നെ കടുത്ത ഭിന്നതയും പ്രതിഷേധവും വളർത്തുകയും ചെയും. ഒരു സമുദായം പണം സമാഹരിച്ചു പണിതുയർത്തിയ കോളേജിൽ അവരുടെ വിദ്യാർത്ഥികൾക്കു പഠിക്കാൻ ഇരട്ടിഫീസു നല്കേണ്ടിവരുന്ന സാഹചര്യം അനീതിയാണല്ലോ. ഏതാണ്ട് ഇരുനൂറുകോടി രൂപ ഓരോ വർഷവും ഇതുവഴി അവരുടെ മേൽ കെട്ടി ഏല്പിക്കപ്പെടുന്നു. എന്നാൽ വ്യക്തികളും സംഘടനകളും നടത്തുന്ന കോളേജുകൾക്ക് അവരുടെ സാമ്പത്തികതലം മാത്രം നോക്കിയാൽ മതി. പകുതി വിദ്യാർത്ഥികളിൽ നിന്നും ഇരട്ടി ഫീസ് വാങ്ങുന്നത് അവർക്കു ഒരു പ്രശ്നമല്ല.

**2) ഭരണഘടനാപരമായ സ്വാതന്ത്ര്യനിഷേധം എന്ന അനീതി**

ക്രൈസ്തവ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും കത്തോലിക്കാ സഭ നടത്തുന്ന കോളേജുകൾ

സഭാംഗങ്ങളിൽ നിന്നും പണം സമാഹരിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. വ്യക്തികൾ നടത്തുന്നതും ചില സംഘടനകൾ നടത്തുന്നതുമായ കോളേജുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇതിന്റെ സ്വഭാവവും ധർമ്മവും. ക്രൈസ്തവർ മതന്യൂനപക്ഷമായതുകൊണ്ട് അവരുടെ ധാർമ്മിക, സാംസ്കാരിക, മതമൂല്യങ്ങൾ സംരക്ഷിച്ചു നിലനില്ക്കാൻ അവർ പണംമുടക്കിസ്ഥാപിച്ച വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും അദ്ധ്യാപകരെ നിയമിക്കാനും അവർക്ക് ഭരണഘടനാപരമായ അവകാശമുണ്ട്. അങ്ങനെ അവർക്ക് തങ്ങളുടെ മതസാംസ്കാരികപൈതൃകങ്ങൾ സംരക്ഷിക്കാൻ കഴിയണമെന്നതാണ് ഭരണഘടനയുടെ നിലപാട് (30–1). ഈ ഭരണഘടനാ നിലപാടിന്, അതായത് ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനക്കും വിരുദ്ധമാണ് 50:50 എന്ന നിലപാട്. തമിഴർ ഭാഷാന്യൂനപക്ഷമെന്ന നിലയിൽ തങ്ങളുടെ ഭാഷാസംസ്കാരങ്ങൾ സംരക്ഷിക്കാൻ സ്ഥാപിച്ചു നടത്തുന്ന വിദ്യാലയത്തിൽ പകുതി വിദ്യാർത്ഥികൾ മറ്റു ഭാഷാസമൂഹത്തിൽപ്പെടുന്നവരായിരിക്കണമെന്ന് ശഠിക്കുന്നതു നീതിയാണോ?. ഇത് ഭരണഘടനാ വിരുദ്ധമായതുകൊണ്ടാണ് 2006 ലെ സ്വാശ്രയനിയമം ഹൈക്കോടതി റദ്ദുചെയ്തത്.

### 3) ഇരട്ടി ഫീസ് എന്ന അനീതി

പകുതിവിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസുവാങ്ങുക എന്നതുതന്നെ അവരോടുള്ള കടുത്ത അനീതിയാണ്. മറ്റു രാജ്യങ്ങളിൽ ഒന്നും ഇതുപോലെ യുക്തിക്കും നീതിക്കും നിരക്കാത്ത നിലപാടു കണ്ടെത്താനാവില്ല. ഇത് ഒരു വിധത്തിലും അംഗീകരിക്കാൻ കഴിയാത്തതാണെന്ന് സുപ്രിംകോടതി വിധി പ്രസ്താവിച്ചിട്ട് പത്തുവർഷങ്ങൾ കഴിയുന്നു. പകുതി വിദ്യാർത്ഥികളോട് ക്രൂരമായ അനീതികാണിക്കുന്നത് എങ്ങനെ സാമൂഹ്യനീതിയാകും.?

### 4) സമ്പന്നർക്കു സൗജന്യം നല്കുന്ന അനീതി

സർക്കാർ അയക്കുന്ന മെരിറ്റ്ലിസ്റ്റിൽ മുമ്പന്തിയിൽ നില്ക്കുന്ന വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതിനാണ് ഈ 50:50 എന്ന നിലപാട്. മെരിറ്റ്ലിസ്റ്റിൽ ആദ്യം വരുന്നവർ സാമ്പത്തികമായും സാമൂഹ്യമായും മുമ്പന്തിയിൽ നില്ക്കുന്നവരാണന്ന് കോടതി തന്നെ നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് സാമൂഹ്യമായും സാമ്പത്തികമായും മുമ്പന്തിയിൽ നില്ക്കുന്ന, മുന്തിയ വിദ്യാലയങ്ങളിൽ പഠിച്ച, എൻട്രൻസ്കോച്ചിംഗിനു പണം മുടക്കി പോയവരുടെയും പഠനചെലവു താരതമ്യേന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർ വഹിക്കണമെന്നു പറയുന്നത് അനീതിയല്ലേ?. ഏതുകോടീശ്വരനാണെങ്കിലും സർക്കാരിന്റെ ലിസ്റ്റിൽ കയറിയാൽ സൗജന്യപഠനം എന്നത് അംഗീകരിക്കാനാവില്ല. സമ്പന്നരെ സാധാരണക്കാർ ഇരട്ടിഫിസുകൊടുത്തു പഠിപ്പിക്കുന്നത് അനീതിയാണല്ലോ?. ഏറ്റവും മെരിറ്റുള്ള എഴുന്നൂറോളം വിദ്യാർത്ഥികൾ സർക്കാരിന്റെ മെഡിക്കൽ കോളേജിൽ സൗജന്യമായി പഠിച്ചതിനു ശേഷം വരുന്ന വിദ്യാർത്ഥികളാണ് സ്വാശ്രയ കോളേജിൽ വരുന്നതെന്നും ഓർക്കണം.

### 5) മെരിറ്റ് അട്ടിമറിക്കുന്ന അനീതി

അമ്പതുശതമാനം വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കേണ്ടിവരുമ്പോൾ മറ്റു പകുതി വിദ്യാർത്ഥികളിൽ നിന്നും ഇരട്ടിഫീസു വാങ്ങേണ്ടിവരും. എന്നുവച്ചാൽ ഇരട്ടിഫീ സുനല്കാൻ കഴിവുള്ളവരെ മാത്രമേ പകുതിസീറ്റിൽ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളു. അങ്ങനെ ഉള്ളവരെ മാത്രം തിരഞ്ഞുപിടിച്ചു പ്രവേശിപ്പിക്കേണ്ട സാഹചര്യത്തിൽ മെരിറ്റ് അനുസരിച്ചു പ്രവേശനം എന്ന രീതി മാറ്റിവയ്ക്കേണ്ടിവരും; എന്നുവച്ചാൽ മെരിറ്റ് അട്ടിമറിക്കേണ്ടിവരും. അതിനുവേണ്ടിയാണ് കരാർ ഒപ്പിടുന്നവർ സ്വന്തമായി പ്രവേശനപരീക്ഷ നടത്താൻ സർക്കാർ സൗകര്യം ഒരുക്കണമെന്നു പറയുന്നത്. ഇപ്പോൾ പുറത്തുവരുന്ന കരാർ ഒപ്പിട്ട കോളേജുകളിലെ അഴിമതികഥകളുടെ അടിസ്ഥാനവും അതാണ്.

### 6) ഗുണമേന്മയുള്ള വിദ്യാഭ്യാസം അന്യമാക്കുന്ന അനീതി.

അമ്പതുശതമാനം സീറ്റുകളിൽ ഇരട്ടിഫീസു നല്കാൻ കഴിയുന്നവരെ മെരിറ്റ് അട്ടിമറിച്ചുകൊണ്ട് പ്രവേശിപ്പിക്കുമ്പോൾ പഠനത്തിന്റെ ഗുണനിലവാരം താഴോട്ടുപോകും. മെരിറ്റുള്ളവരും ഇല്ലാത്തവരും 50:50 എന്ന അനുപാതത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നതാണ് ഇന്ന് കേരളത്തിലെ പല പ്രൊഫഷണൽ കോളേജുകളിലേയും നിലവാരത്തകർച്ചക്കു കാരണം. അങ്ങനെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിൽ അന്യംനിന്നുപോകാൻ ഈ നിലപാട് ഇടയാക്കും. നാട്ടിൽ നല്ല വിദ്യാഭ്യാസം ഇല്ലാതാക്കും.

**7) അഭ്യസ്തവിദ്യരെ തൊഴിൽ രഹിതരാക്കുന്ന അനീതി.**

പ്രൊഫഷണൽവിദ്യാഭ്യാസം ഗുണമേന്മയില്ലാത്തതെങ്കിൽ സ്വാഭാവികമായും തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യത കുറയുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുമാത്രമേ ഇവിടെ ഇന്നു പ്രസക്തിയുള്ളു. അങ്ങനെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയിലേക്ക് 50:50 നയിക്കും. അത് വിദ്യാർത്ഥികളെ കബളിപ്പിക്കലാണ്, വഞ്ചനയാണ്. പൊതുസമൂഹത്തോടു കാണിക്കുന്ന അനീതിയാണ്.

**യഥാർത്ഥ സാമൂഹ്യനീതി ഉയർത്തിപ്പിടിക്കണം**

സാമൂഹ്യനീതിയെക്കുറിച്ചുള്ള ഇന്റെർചർച്ച് കൗൺസിലിന്റെ നിലപാട് മെരിറ്റുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പു നല്കി സൗജന്യമായി പഠിപ്പിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. മെരിറ്റുള്ള വിദ്യാർത്ഥികൾക്ക് പണമില്ല എന്ന കാരണംകൊണ്ട് പഠനം മുടങ്ങരുത്. അല്ലാതെ സർക്കാർ നിർദ്ദേശിക്കുന്ന 50% വിദ്യാർത്ഥികളെ അവർ എത്ര കോടീശ്വരനാണെങ്കിലും സൗജന്യമായി പഠിപ്പിക്കുന്നതിലല്ല. ഇതുതിരിച്ചറിയാൻ കഴിയാത്തവരാണ് സഭാദ്ധ്യക്ഷന്മാരുടെ നിലപാടിൽ അനീതി കാണുന്നത്. സഭാദ്ധ്യക്ഷന്മാരെ അധിക്ഷേപിച്ച് ജനശ്രദ്ധ നേടാൻ ശ്രമിക്കുന്നുത്.

സർക്കാർ നടത്തുന്ന പ്രവേശനപരീക്ഷയുടെയും യോഗ്യതാ പരീക്ഷയുടെയും മാർക്കിനെ മാത്രം അടിസ്ഥാനമാക്കി മെരിറ്റനുസ രിച്ചുമാത്രം വിദ്യാർത്ഥികൾക്കു പ്രവേശനം, നാല്പതു ശതമാനംവരെ സീറ്റുകളിൽ മറ്റു സമുദായത്തിൽ നിന്നുള്ളവരെ ഓപ്പൺമെരിറ്റിൽ പ്രവേശിപ്പിക്കുന്നു, പാവപ്പെട്ടവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ആവശ്യമുള്ളവർക്ക് ബാങ്ക്ലോൺ ഏർപ്പെടുത്തുന്നു, ഏറ്റവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം,അതുവഴി നല്ലതൊഴിലും ലഭ്യമാക്കുന്നു. അങ്ങനെ മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന നിലപാടാണ് ഇന്റെർചർച്ച്കൗൺസിൽ ഫോർ എജുക്കേഷന്റേത്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും,പിന്നോക്കക്കാരുടെയും അധഃസ്ഥിതരുടെയും വിദ്യാഭ്യാസത്തിലും ഉന്നമനത്തിലും നേതൃത്വം കൊടുത്ത സഭകൾ സ്വാശ്രയ വിദ്യാഭ്യാസരംഗത്തും യഥാർത്ഥ സാമൂഹ്യനീതിയുടെ വഴിതെളിയിക്കുന്നുവെന്നതാണ് യാഥാർദ്ധ്യം. ഓരോവർഷവും മാറിവരുന്ന സർക്കാരിന്റെ കരാറുകളും ഈ ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്.

## ജാഗ്രതാ വാർത്ത

**ജനസംഖ്യയിൽ എട്ടു ശതമാനം കേരളത്തിന് പുറത്ത്: പഠന റിപ്പോർട്ട്.**

---

കേരളത്തിന്റെ ജനസംഖ്യയിൽ എട്ടു ശതമാനം കേരളത്തിന് പുറത്ത്. കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയൺമെന്റൽ സ്റ്റഡീസ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് രസകരമായ ഈ വിവരമുള്ളത്.

ആകെ ജനസംഖ്യയിൽ 5.4% രാജ്യത്തിനു പുറത്തും 2.3% സംസ്ഥാനത്തിനു പുറത്തുമാണ്. 76 മുതൽ 2006 വരെയുള്ള കാലയളവാണ് പഠന വിധേയമാക്കിയത്. കേരളത്തെക്കുറിച്ച് കൗതുകകരമായ ഒട്ടേറെ വിവരങ്ങൾ റിപ്പോർട്ടിലുണ്ട്.

ജനസംഖ്യ കൂടിയതോടെ കൃഷി ഭൂമി തുണ്ടുകളായി മാറി. 77 ൽ ഒരാൾക്ക് ശരാശരി 0.49 ഹെക്ടർ ഭൂമിയുണ്ടായിരുന്നത് 2006 ൽ 0.23 ഹെക്ടറായി ചുരുങ്ങി. ഭൂമിയുടെ ഉപയോഗത്തിൽ കാര്യമായ മാറ്റം വന്നു. 76 ൽ ആകെ വിളയുടെ 30% നെല്ലായിരുന്നെങ്കിൽ നെൽപ്പാട വിസ്തൃതി 2006 ൽ ഒൻപതു ശതമാനമായി കുറഞ്ഞു. നാണ്യവിള കൃഷി വിസ്തൃതി 2.06 ലക്ഷം ഹെക്ടറായിരുന്നത് 06 ൽ 5.97 ലക്ഷം ഹെക്ടറായി. വീടിനുവേണ്ടി ഭൂമി ഉപയോഗിക്കുന്നതിൽ കേരളം ഇന്ത്യയിൽ ഒന്നാമതാണ്. ഇന്ത്യയിൽ വീടിന്റെ പ്രതിശീർഷ വിസ്തൃതി ശരാശരി 8.67 ചതുരശ്ര മീറ്ററാണെങ്കിൽ കേരളത്തിൽ 14.50 ചതുരശ്ര മീറ്ററാണ്.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA